ങ്ങൾക്കുവേണ്ടിയാണ് ഈ പരിഷ്ക്കാരങ്ങൾ വരുത്തിയത്. ഒന്ന്, ചോദ്യങ്ങളുടെ ഗുണനിലവാരം ഉയർത്തുക. രണ്ട്, കൃത്യസമയത്തുതന്നെ മറുപടി അംഗങ്ങൾക്ക് ലഭ്യമാക്കുക. ആദ്യത്തേതിൽ നാം വിജയം നേടി. ചോദ്യങ്ങളുടെ ഗുണനിലവാരം വളരെ കാര്യമായി ഉയർന്നിട്ടുണ്ട്. എന്നാൽ രണ്ടാമത്തേതിൽ ഇന്ന് നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടില്ല അതാണ് ഇവിടെ വീണ്ടും പ്രശ്നങ്ങൾ ഉന്നയിച്ചത്. വിജയിക്കാൻ കഴിയാത്തതിന് കാരണമെന്താണെന്ന് ചെയർ പരിശോധിക്കുകയാണ്. ഇപ്പോഴും അതിന് മറുപടി കിട്ടിയിട്ടില്ല. കഴിഞ്ഞ സഭകളിൽ അതായത് ഈ പത്താം സഭയിലല്ല, അതിനു മുൻകാലങ്ങളിൽ ഒരു ദിവസം ആയിരം മുതൽ ആയിരത്തഞ്ഞൂറു ചോദ്യങ്ങൾവരെ നിയമസഭയിൽ വരാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ 150 മുതൽ 200 ചോദ്യങ്ങൾവരെ മാത്രമേ സഭയിൽ വരുന്നുള്ളൂ. ഇത്രയധികം ചോദ്യങ്ങളുടെ കുറവുണ്ടായിട്ടും കൃത്യസമയത്തുതന്നെ മറുപടി കിട്ടുന്നില്ല എന്നുള്ളത് ഖേദകരമാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം തന്നെ നിയമസഭയ്ക്ക് ലഭ്യമാക്കി ഇതുസംബന്ധിച്ച് നിയമസഭയിൽ നാം നടത്തിയ പരിഷ്ക്കാരങ്ങൾ വിജയിപ്പിക്കുന്നതിന് അങ്ങേയറ്റത്തെ ശുഷ്ക്കാന്തി പുലർത്താൻ മന്ത്രിമാരുടെ പരിപൂർണ്ണ സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

(1) കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ.പി.ടി. കുഞ്ഞുമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച് സമിതിയുടെ റിപ്പോർട്ട്

ശ്രീ. ജോണി നെല്ലൂർ : സർ, ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VII. അറിയിപ്പ്

ശ്രീ. പി.സി. ജോർജ്ജിനെ സെലക്ട് കമ്മിറ്റി അംഗമായി നിയോഗിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : 1999-ലെ ഇൻഡ്യൻ ഡൈവോഴ്സ് ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗമായി നിർദ്ദേശിക്കപ്പെട്ട ശ്രീ. ടി.എസ്. ജോൺ തനിക്ക് ആരോഗ്യപരമായ കാരണങ്ങളാൽ പ്രസ്തുത കമ്മിറ്റിയിൽ അംഗമായി തുടരാൻ ബുദ്ധിമുട്ട് ഉള്ളതുകൊണ്ട് ശ്രീ.പി.സി. ജോർജ്ജിനെ പകരം നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. നേരത്തെ ഒരു ഭേദഗതി വരുത്തി ശ്രീ. ടി.എം. ജേക്കബിനു പകരം ശ്രീ. ജോണി നെല്ലൂരിനെ ഉൾപ്പെടുത്തുകയുണ്ടായി. തുടർന്നുള്ള ഒരു ഭേദഗതി അംഗീകരിക്കുന്ന പക്ഷം ശ്രീ. ടി.എസ്. ജോണിന് പകരം ശ്രീ. പി.സി. ജോർജ്ജിനെ കമ്മിറ്റി അംഗമായി ഉൾപ്പെടുത്താൻ സഭയുടെ അനുവാദം ചോദിക്കുന്നു. സഭയുടെ അനുമതിയോടുകൂടി 1999-ലെ ഇൻഡ്യൻ ഡൈവോഴ്സ് (കേരള അമന്റ്മെന്റ്) ബില്ലിന്റെ സെലക്ട് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

അംഗമായി ശ്രീ. ടി.എസ്. ജോണിനു പകരം ശ്രീ. പി.സി. ജോർജ്ജിനെ നിയോഗിച്ചിരിക്കുന്നു.

VIII. നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണസംഘം - (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും (ചർച്ച തുടർച്ച)

മി. സ്പീക്കർ : നിയമനിർമ്മാണത്തിന്റെ കാര്യത്തിലേയ്ക്ക് കടക്കുകയാണ്. അപ്പോൾ ഡിസന്റ് ബാക്കിയില്ലായെന്നാണ് ചെയറിന്റെ അഭിപ്രായം. കാരണം എല്ലാം ഇന്നലെ കഴിഞ്ഞിരിക്കുകയാണ്. ഭേദഗതികൾ അവതരിപ്പിക്കാൻ എത്രപേരുണ്ട് എന്ന് കൃത്യമായി എനിക്കുപോലും അറിയില്ല. അത്രയധികം ഭേദഗതികൾ ഉണ്ട്. അവർക്ക് അവസരം നൽകേണ്ടതാണ്. ഈ സഭയുടെ ചരിത്രത്തിൽ ഡിസന്റ് രേഖപ്പെടുത്താൻ ഒരു ദിവസത്തിൽ കൂടുതൽ എവിടെയും ഒരിക്കലും അനുവദിച്ചിട്ടില്ല. വൈകിയെങ്കിൽ ഭാവിയിൽ നമുക്ക് തിരുത്താം. ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, സാധാരണ സെലക്ട് കമ്മിറ്റി റിപ്പോർട്ടായാലും അല്ലാതെയുള്ള റിപ്പോർട്ടായാലും, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടായാലും നിയമസഭയിൽ വരുമ്പോൾ അതിന്റെ ഭേദഗതികൾക്കാണ് സമയം മാറ്റിവയ്ക്കാറുള്ളത്. അതേസമയം അതിൽ കടന്നുവരുന്ന ഡിസന്റ് എന്നുപറയുന്നത്, വാസ്തവത്തിൽ ഡിസന്റിനുവേണ്ടി നമ്മൾ സമയം കാണുന്നേയില്ല. എന്നാലും ഡിസന്റിനാണ് പ്രാധാന്യം. ഡിസന്റ് ആദ്യം ഡിസ്പോസ് ചെയ്തിട്ടാണ് ചർച്ചയിലേക്ക് കടക്കുക. പക്ഷെ ഡിസന്റ് ഇത്രയധികം സമയം എടുക്കാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അംഗങ്ങളുടെ അവകാശം പരിപൂർണ്ണമായി നിഷേധിക്കുന്നില്ല. വളരെ ചുരുങ്ങിയ സമയംകൊണ്ട് അവ അവതരിപ്പിക്കുക, അതിനുശേഷം ഭേദഗതികളിലേയ്ക്ക് കടക്കാം.

ശ്രീ. വി.ജെ. പൗലോസിന് സംസാരിക്കാം.

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ അങ്ങയോട് പരമാവധി സഹകരിക്കണമെന്ന് ആഗ്രഹിക്കുകയാണ്. സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമത്തെ ഒരു തരത്തിലും അംഗീകരിക്കാൻ അതിൽ അംഗം ആയിരുന്ന ഒരു വ്യക്തിയെന്ന നിലയ്ക്ക് കഴിയാത്ത സാഹചര്യം വന്നുചേർന്നിരിക്കുകയാണ്. ഇതിൽ ശക്തിയായി ഞാൻ എന്റെ വിയോജനാഭിപ്രായം രേഖപ്പെടുത്തുകയാണ്. സർ, ഈശ്വരന്റെ മൂന്നു അവതാരങ്ങളാണ് ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ. സൃഷ്ടി, സ്ഥിതി, സംഹാരം, ഇതിൽ ബ്രഹ്മാവ് ചെയ്യേണ്ട ജോലി മഹേശ്വരൻ ചെയ്താൽ അല്ലെങ്കിൽ മഹേശ്വരനെ ആ ജോലി ഏൽപ്പിച്ചാൽ, എനിക്ക് അങ്ങനെ പറയേണ്ടിവന്നതിൽ ദു:ഖമുണ്ട്. പക്ഷേ അതാണ് ഫലത്തിൽ ഇപ്പോൾ ഇവിടെ വന്നുചേർന്നിരിക്കുന്നത്. ഈ ബില്ലിനെ സംബന്ധിച്ച് പത്തുമാസം നീണ്ടുനിന്ന ചർച്ച സംസ്ഥാനത്തിനകത്തും പുറത്തും നടത്തി ആവശ്യമായ തെളിവെടുപ്പുകളും ഇതിനെ സംബന്ധിച്ച പഠനങ്ങളും നടത്തിയതിലെ നല്ല വശങ്ങൾ ഉൾക്കൊള്ളാനുള്ള യാതൊരു നടപടിയും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഈ സഭയിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ നമ്മുടെ ബഹുമാന്യനായ മന്ത്രി തയ്യാറായിട്ടില്ല എന്നുള്ളതാണ് സത്യം. അതാണ് എന്റെ ഏറ്റവും വലിയ ദു:ഖം. തെളിവെടുപ്പ് വേളയിൽ കക്ഷി രാഷ്ട്രീയ ഭേദമന്യേ എൽ.ഡി.എഫ്. ഉം യു.ഡി.എഫ്.ഉം പ്രൈമറി സംഘം

LIBRARY ARCHIVES Kerala Legislative Assembly